MALAYALEE CATHOLIC COMMUNITY
Tivoligasse 20, A-1120 Vienna, Austria, Tel: +43 1 8174206 Mobile: 069911966771 #

MCC Bulletin Vol. 13. 3 www.iccvienna.org August-September 2018

# Special Bulletin: MCC Pastoral & Structural Concept

ഇത് വിയന്ന അതിരൂപത. ഇതിലെ അംഗങ്ങളാണ് ഇവിടെയുള്ള മലയാളി കത്തോലിക്കർ. ഈ അതിരൂപതയുടെ ഏക മെട്രോപ്പോളീറ്റൻ അധികാരി Cardinal Dr. Christoph Schönborn ആണ്. ഈ അതിരൂപതയുടെ കീഴിലുള്ള എല്ലാ വ്യക്തികളും, സംഘടനകളും, സ്ഥാപനങ്ങളും, പ്രസ്ഥാനങ്ങളും, ശുശ്രൂഷകളും Schönborn പിതാവിന്റെ നേതൃത്വത്തിന് വിധേയമായിരിക്കുന്നു. അദ്ദേഹത്തിന്റെ വീക്ഷണങ്ങളും, പദ്ധതികളും, നിർദ്ദേശങ്ങളും ആദരവോടെ സ്വീകരിക്കുവാൻ ഈ അതിരൂപതയിലെ എല്ലാ അംഗങ്ങൾക്കും കടമയുണ്ട്.

യൂറോപ്പിലെ പൊതുവായ മത സാംസ്ക്കാരിക സാഹചര്യങ്ങളേയും, വിയന്ന അതിരൂപതയിലെ പ്രത്യേകമായ അവസ്ഥയേയും മനസ്സിലാക്കി അഭിവന്ദ്യ പിതാവ് 2011 മേയ് 15ന് നൽകിയ ഇടയ ലേഖനത്തിലൂടെ അതിരൂപതയ്ക്കുവേണ്ടി ഒരു Masterplan അവതരിപ്പിച്ചു. അവ മൂന്ന് പ്രധാന ദൗത്യങ്ങൾക്ക് ഊന്നൽ നൽകുന്നു. (1. Mission Zuerst. 2. Jungerschaftsschulung. 3. Struktur Entwicklung). അതായത്, പ്രേഷിത ദൗത്യത്തിനും സാക്ഷ്യത്തിനും പ്രഥമ സ്ഥാനം നൽകുക. ശിഷ്യത്വ പരിശീലനം നൽകുക. നമ്മുടെ വിഭവ സാദ്ധ്യത മനസ്സിലാക്കി സഭാസ്ഥാപനങ്ങളെ ഘടനാപരമായി പുന:ക്രമീകരിക്കുക.

യൂറോപ്പിൽ വ്യാപകമായും വിയന്നായിൽ പ്രത്യേകമായും കണ്ടുവരുന്ന ശക്തമായ പ്രതിഭാസം കത്തോലിക്കാ വിശ്വാസത്തിന്റെ തകർച്ചയും, കൗദാശിക ജീവിതത്തിന്റെ തളർച്ചയുമാണ്. ഞായറാഴ്ചകളിൽ വിശുദ്ധ കുർബ്ബാനയിൽ പങ്കെടുക്കുന്നവർ ഏതാണ്ട് 8% മാത്രമാണ്. വാസ്തവത്തിൽ ഇവിടെ കത്തോലിക്കാസഭ വിശ്വാസപരമായി ഒരു അതിജീവനത്തിന്റെ – survival - അവസ്ഥയിലൂടെ കടന്നുപോവുകയാണ്. സങ്കടകരമായ ഈ സാഹചര്യത്തിൽ അഭിവന്ദ്യ പിതാവ് ഇവിടെയുള്ള സകല കത്തോലിക്കാ വിശ്വാസികളോടും അഭ്യർത്ഥിക്കുന്നു. നിങ്ങളുടെ ഏറ്റവും പ്രധാനമായ കടമ നിങ്ങളുടെ വിശ്വാസ ജീവിതവും അവയുടെ സാക്ഷ്യവുമാണ്. കൗദാശിക ജീവിതത്തിൽ തളർന്നുപോകുന്ന പ്രാദേശിക സഭയ്ക്ക് കൂട്ടായ്മയുടേയും ഉണർവ്വിന്റേയും പ്രചോദനം നൽകി സഹായിക്കുക.

അഭിവന്ദ്യ കർദ്ദിനാൾ Schönbornന്റെ നിർദ്ദേശങ്ങൾ സാധിക്കുന്നിടത്തോളം പാലിക്കുവാൻ ഇവിടത്തെ മലയാളി കത്തോലിക്കാ സമൂഹം ആത്മാർത്ഥമായി പരിശ്രമിക്കുന്നു. അത് സഫലമാകുന്നുവെന്ന് സർവ്വെ പഠനങ്ങളെല്ലാം സൂചിപ്പിക്കുന്നു. ഇവിടത്തെ മലയാളി കത്തോലിക്കാ സമൂഹത്തിലെ സ്ത്രീകൾ 100%വും, പുരുഷന്മാർ ഏകദേശം 95%വും, കുട്ടികൾ 98%വും, യുവതീയുവാക്കൾ ഏകദേശം 93%വും വിശുദ്ധ കൂദാശകളിൽ പങ്കുചേരുന്ന കത്തോലിക്കാ വിശ്വാസികളാണ്. ഞായറാഴ്ചകളിൽ അവർ ലോക്കൽ പള്ളികളിലോ, മറ്റു പൊതുദേവാലയങ്ങളിലോ, ഭാഷാസമൂഹ കേന്ദ്രങ്ങളിലോ പോയി വിശുദ്ധ കുർബ്ബാനയിൽ സംബന്ധിക്കുന്നവരാണ്. മാത്രമല്ല, മതബോധനം, വിവാഹത്തിന് ഒരുക്കമായ പരിശീലനം, നിരവധിയായ ആത്മീയ അജപാലന പരിചരണം, സാദ്ധ്യമാകുന്ന വിധത്തിലെല്ലാം ലിറ്റർജിക്കൽ ശുശ്രൂഷകൾ എന്നിവ ലഭിച്ചുകൊണ്ടിരിക്കുന്ന അനുഗ്രഹീത സമൂഹമാണ് വിയന്നായിലെ മലയാളി കത്തോലിക്കാ കമ്മ്യൂണിറ്റി. ഇതുതന്നെയാണ് കർദ്ദിനാൾ Schönbornന്റെ ആഹ്വാനമനുസരിച്ചുള്ള മുൻഗണനാർഹമായ പ്രേഷിത സാക്ഷ്യം. ഇതിനെല്ലാം അവസരങ്ങൾ നൽകിയ നല്ലവനായ ദൈവത്തോടും, ഉദാരമായ സഹായങ്ങൾ നൽകുന്ന വിയന്ന അതിരൂപതയിലെ അധികാരികളോടും നമുക്ക് നന്ദി പറയാം. അതിരൂപതാദ്ധ്യക്ഷനായ കർദ്ദിനാൾ Schönbornന്റെ അജപാലന നേതൃത്വത്തെ ആദരവോടെ നമുക്ക് സ്വീകരിക്കാം.

അഭിവന്ദ്യ കർദ്ദിനാൾ Schönborn പിതാവിന്റെ ആഹ്വാനമനുസരിച്ച് നമ്മുടെ വിഭവശേഷിക്ക് (Priestly and financial resources) അനുശ്രുതമായി നമ്മുടെ മലയാളി കത്തോലിക്കാ സമൂഹത്തെ ഘടനാപരമായി പുന:ക്രമീകരണം നടത്തുവാനുള്ള സമയമായി. അതിനായി വിയന്ന അതിരൂപതയിലുള്ള എല്ലാ മലയാളി കത്തോലിക്കരും അവരുടെ നിർദ്ദശങ്ങളും, അഭിപ്രായങ്ങളും, സഹായ സഹകരണങ്ങളും നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. നമുക്ക് ആവശ്യമായ എല്ലാ സഹായ സഹകരണവും നൽകാമെന്ന് അതിരൂപത ഏറ്റിട്ടുണ്ട്. നാമേവരുടേയും വിചിന്തനത്തിനും, നിർദ്ദേശങ്ങൾക്കും സഹായകമായ ഏതാനും ഘടനാ മാതൃകകളും, നിർദ്ദേശങ്ങളും താഴെ കൊടുത്തിരിക്കുന്നു. **പൊതുവായ കാര്യം ശ്രദ്ധിക്കുക: നമുക്കിനി ഒരു പ്രധാന ഇടവക കേന്ദ്രം മാത്രമെ ഉണ്ടാവുകയുള്ളു. അവിടെ മാത്രമെ പതിവായി ഞായറാഴ്ചകളിലും ഇടദിവസങ്ങളിലും മലയാളം കുർബ്ബാനയും റെഗുലറായി Catechism ക്ലാസ്സുകളും ഉണ്ടായിരിക്കുകയുള്ളു. ഒന്നോ അതിൽ കൂടുതലോ ഉപകേന്ദ്രങ്ങളിൽ മലയാളം കുർബ്ബാന ലഭ്യമാക്കാൻ ശ്രമിക്കുന്നതാണ്.**

## MCC is a Foreign Language Community of the Archdiocese of Vienna (of Malayalee Catholics)

**MCC ഭരണ സമിതി :** Bischof Dr. Franz Scharl > **Bischofsvikar**; Dr. Johannes Gönner > **Rektor der ARGE AAG**; Dr. Alexander Kraljic> **Generalsekretär**; P. Thomas Thandappilly CST> **Chaplain**; P. Joy Plathottathil> **Assistant Chaplain**.

**MCC ആലോചനാ സമിതികൾ:** MCC Parish Committee & MCC Laity Representative Forum

**Suggested Model Nr. One:** Pfarre Maria Lourdes as being the main Community Centre of the MCC. There will be regular Sunday Holy Mass here in Malayalam in Syro Malabar Rite and occasionally in Latin Rite at 11. 30 am. There will be regular Catechism only in this centre. There will be daily Malayalam Mass at 8.00 am in the Chapel, as per need of the Community. The office of the MCC will be here and all the main festal events will be celebrated in Maria Lourdes. Preparation Courses for Marriage, First Communion, Confirmation and German Syro Malabar Mass will be arranged only here. There can be additional Sub-stations of the MCC, where there will be Malayalam Mass in the Rite of choice. Financial Obligation: the same as being what we follow till now, except special expenses for additional services.

**Suggested Model Nr. Two:** Maria Lourdes as being the main Community Centre of the MCC. There will be one additional Substation only for Malayalam Mass on Sundays. If possible, a Malayalam Mass and Marian Novena can be arranged there on Saturdays. This Substation must be selected at a local Austrian Parish, where the most number of Catholic Malayalee Families reside. Financial Obligation: as per the demands of the concerned local Austrian Parish.

**Suggested Model Nr. Three:** Maria Lourdes as being the main Community Centre of the MCC. There will be two additional Substations only for Malayalam Mass on alternate Sundays. If possible, a Malayalam Mass and Marian Novena can be arranged there on alternate Saturdays. These Substations must be selected at local Churches or Chapels considering the number of Catholic Malayalee Families residing there. Financial Obligation: as per the demands of the concerned local Austrian Parish.

**Suggested Model Nr. Four:** Maria Lourdes as being the main Community Centre of the MCC. There will be three/four additional Substations only for Malayalam Mass once in a month. If possible, a Malayalam Mass and Marian Novena can be arranged there on Saturday once in a month. These Substations must be selected in view of the Catholic Malayalee Families residing there. Financial Obligation: as per the demands of the concerned local Austrian Parish.

**Suggested Model Nr. Five:** A New MCC Centre anywhere in Vienna. All the regular services done now in Maria Lourdes will be shifted to this centre. Additional Substations can be suggested where there will be Malayalam Mass on Sundays. Maria Lourdes can be used as a Substation for restricted services. Financial Obligation: all the expenses for the use of the Church, office services etc must be met by the MCC. In future, the Chaplain or the Assistant Chaplain may stay here and the expenses of their service apartment must be met by the MCC.

**Suggested Model Nr. Six:** A central MCC Office being attached to a Parish or Kloster and only Substations where there will be Malayalam Mass once a month. Catechetical orientation classes can be arranged in any available rented rooms or Halls or as being attached to the Kairaly Nikethan School. Malayalam Mass can be arranged in any available Parish Centres as per the requests of persons or families. Financial Obligation: As per the demands of expenses of Substations and of the Central Office in any Parish Centre.

**Suggested Model Nr. Seven:** An MCC Coordination Centre in any available Parish in Vienna. Malayalam Liturgy will be celebrated in any local Austrian Church or Chapel as per the request of persons or families of the Malayalee Catholic Community. Common Festal Events will be arranged in any Church of availability in Vienna. Financial Obligation: as per the demands of the centres where services are organized.

**Suggested Model Nr. Eight:** Maria Lourdes as being the main Community Centre of the MCC. There can be two Substations where the Sunday Mass and Saturday Liturgy can be arranged alternatively. One Substation will be mainly for the Liturgy of the Austrian Knanaya Catholic Community once/twice in a month. Financial Obligation: as per the requirements of the Substations.

**മുകളിൽ കൊടുത്തിരിക്കുന്ന മാതൃകകളും നിർദ്ദേശങ്ങളും ശ്രദ്ധാപൂർവ്വം വായിച്ച് മനസ്സിലാക്കി നമ്മുടെ വിഭവ ശേഷിയും സാദ്ധ്യതകളും ബാദ്ധ്യതകളും പരിഗണിച്ച് പൊതുവായ അഭിപ്രായ ഏകീകരണത്തിലെത്തിച്ചേരുവാനും ഉചിതമായ തീരുമാനമെടുക്കുവാനും നമുക്ക് പ്രാർത്ഥിക്കാം. പരിശ്രമിക്കാം.**

***P. Thomas Thandappilly CST Chaplain, P. Joy Plathottathil SVD Assistant Chaplain. Wien 5. August 2018***

*Verleger: Steephen Chevookaran, Media & Communications for the Malayalee Catholic Community, Vienna*